*June 2018*

## "പിതാവായ ദൈവത്തിന്റെ മുൻപിൽ പരിശുദ്ധവും നിഷ്ക്കളങ്കവുമായ ഭക്തി ഇതാണ്:

# അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക.

## ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക" (യാക്കോ 1:27)

(ലക്ഷ്യോ ഡിവിനയ്ക്ക് യാക്കോ 2:1–9 വരെ വചനഭാഗം വായിച്ച് വിചിന്തനം ചെയ്യുക)



### വിചിന്തനം:

വി. ഫ്രാൻസിസ് അസ്സിസിയുടെ ജീവിതത്തിൽ അദ്ദേഹം ഒരു കുഷ്ഠരോഗിയുമായി കണ്ടുമുട്ടുന്നതിനു മനോഹരമായ ഒരു വിവരണമുണ്ട്. ഒരിക്കൽ കുതിരപ്പുറത്ത് യാത്രചെയ്യുമ്പോൾ അസ്സിസ്സിയിലെ തെരുവോരത്ത് ഒരു കുഷ്ഠരോഗി ഇരിക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹത്തിന് പെട്ടെന്നുണ്ടായ വികാരം അറപ്പും വെറുപ്പുമാണ്. എന്നാൽ തനിക്ക് ക്രിസ്തുവിനോടുള്ള പ്രതിബദ്ധതയെ കുറിച്ച് അല്പനേരം ചിന്തിച്ചപ്പോൾ തന്റെ സഹോദരനും താനും തമ്മിൽ അകലം സൃഷ്ടിക്കുന്ന പെട്ടെന്നുണ്ടായ അറപ്പിനെയും വെറുപ്പിനെയും അതിജീവിക്കേണ്ടതുണ്ടെന്ന് ബോധ്യമായി. ഉടനെതന്നെ അദ്ദേഹം കുതിരപ്പുറത്തുനിന്ന് താഴെയിറങ്ങി കുഷ്ഠരോഗിയുടെ അടുത്തേക്ക് ചെന്നു. തന്റെ പക്കലുണ്ടായിരുന്ന നാണയം അയാൾക്ക് കൊടുത്തതോടൊപ്പം ഒരു ചുംബനം കൂടി ഫ്രാൻസിസ് നല്കി. തന്റെ കുതിരയുടെ അടുത്തേക്ക് നടന്നുപോയ ഫ്രാൻസിസ് തിരിഞ്ഞു നോക്കിയപ്പോൾ ആ കുഷ്ഠരോഗിയെ കാൺമാനില്ലായിരുന്നു. അത് ക്രിസ്തു തന്നെയായിരുന്നുവെന്നു അദ്ദേഹം തിരിച്ചറിഞ്ഞു.

ഇന്നത്തെ ലോക രാഷ്ട്രങ്ങളെ തുലനം ചെയ്തു നോക്കിയാൽ ജീവിത സുഖസൗകര്യങ്ങളുടെയും അവസരങ്ങളുടെയും കാര്യത്തിൽ നികത്താനാവാത്ത വിടവുള്ളതായി നമുക്ക് ബോധ്യപ്പെടും. ഈ വിടവ് നമ്മുടെ തന്നെ പട്ടണങ്ങൾക്കുള്ളിലും കാണാവുന്നതാണ്. വിദ്യാഭ്യാസവും സമ്പത്തും ഉള്ളവർ വസിക്കുന്ന പ്രദേശങ്ങളിൽ നിന്നും ദരിദ്രരേയും കിടപ്പാടമില്ലാത്തവരേയും പുറന്തള്ളി കോളനികളിലേക്കും പുറമ്പോക്കുകളിലേക്കും ഒതുക്കുന്നു. കിടപ്പാടമില്ലാത്തവർ നമ്മുടെ ചുറ്റുപാടുകളിൽ കിടന്നുറങ്ങുന്നതു കാണപ്പെട്ടാൽ അവരെ തുരത്തിയോടിക്കാനും നാം ധൈര്യപ്പെടുന്നു. അഭിവൃദ്ധി നേടിക്കൊണ്ടിരിക്കുന്ന പട്ടണസീമകളിൽ നിന്ന് അകന്നുമാറിപ്പോകാൻ ദരിദ്രർ നിർബന്ധിക്കപ്പെടുന്നു. അവരുടെ സാന്നിദ്ധ്യം തങ്ങളുടെ വസ്തുവകകൾക്ക് മൂല്യശോഷണം വരുത്തുമെന്ന് സമ്പന്നർ കരുതുന്നു. ഇന്നത്തെ സമൂഹത്തിൽ സമ്പന്നർക്ക് ഉയർന്ന പരിഗണന നല്കി ദരിദ്രരെ ഒരു അസൗകര്യമായി കണക്കാക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത്. നാം ദരിദ്രരോട് "അവിടെ നിൽക്കുക'' എന്നും സമ്പന്നനോട് "ഇവിടെ സുഖമായി ഇരിക്കുക'' എന്നും (യാക്കോ 2:3) പറയുന്നു. ദരിദ്രർക്കും സമ്പന്നർക്കുമിടയിൽ മതിലുകൾ കെട്ടിയുയർത്തിക്കൊണ്ട് നാം നമ്മുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. പലയിടത്തും സാമാന്യ ജീവിത നിലവാരം പുലർത്തുന്നവർക്ക് ദരിദ്രരുമായി ഇടപെടുന്നതിനു പോയിട്ട് അവരെ കണ്ടുമുട്ടാൻ പോലും ഇടയാവുന്നില്ല. അവരെ കടന്നുപോകുമ്പോൾ അവരെന്ന യാഥാർത്ഥ്യം കാണുന്നേയില്ല എന്ന് ഭാവിക്കാനാണ് നമുക്ക് താത്പര്യം. ധാരാളം സാഹചര്യങ്ങളിൽ ദരിദ്രർക്ക് പ്രാഥമിക ജീവിത സൗകര്യങ്ങളോ ശുദ്ധവായുമോ വിദ്യാഭ്യാസമോ നിഷേധിക്കപ്പെടുന്നു. ഇവപോലും നിഷേധിക്കപ്പെടുന്നിടത്ത് ഇവക്ക് ഉപരിയായിട്ടുള്ളവ അചിന്ത്യമാണല്ലോ. ഉയർന്ന ശ്രേണിയെന്ന കുതിരപ്പുറത്തിരുന്ന് നമ്മുടെ സ്വപ്നങ്ങളേയും നേട്ടങ്ങളേയും അനുധാവനം ചെയ്യുന്ന നമുക്ക് ചുറ്റുമുള്ള ദരിദ്രരെ അവഗണിക്കുക എന്നത് നിഷ്പ്രയാസമാണ്!

എനിക്കു ചുറ്റുമുള്ള ദരിദ്രർ ആരാണ്? അവരെ അകറ്റി നിർത്താൻ എന്തൊക്കെ മതിലുകളാണ് ഞാൻ കെട്ടിയുയർത്തിയിട്ടുള്ളത്? എന്ത് ചെയ്യണമെന്നാണ് ക്രിസ്തുവിന്റെ സ്നേഹം എന്നോടാവശ്യപ്പെടുന്നത്? "പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്ക്കളങ്കവുമായ ഭക്തി ഇതാണ്: അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക." ആവശ്യക്കാരനായ ഒരാൾ എന്നെങ്കിലും തന്റെ നേരെ നടന്നുവരുമെന്ന് വിചാരിച്ചിരിക്കുന്നത് പര്യാപ്തമല്ല. ക്രിസ്തുവിന്റെ സ്നേഹം ആവശ്യപ്പെടുന്നത്, "അവരുടെ ഞെരുക്കങ്ങളിലേക്ക് നാം ഇറങ്ങിച്ചെല്ലണ"മെന്നാണ്.

വിഭാഗീയത സൃഷ്ടിക്കുന്ന, സുഖസൗകര്യങ്ങളാകുന്ന മതിലുകൾ ഭേദിച്ച് നാം പുറത്തേക്കിറങ്ങേണ്ടതുണ്ട്.

ആ കുഷ്ഠരോഗിക്ക് വി.ഫ്രാൻസിസ് നല്കിയത് തന്റെ നാണയം മാത്രമല്ല, ഒരു ചുംബനം കൂടിയാണ്. ഏതാനും വർഷങ്ങൾക്കു മുൻപ് ഫ്രാൻസിസ് പാപ്പാ നമ്മെ വെല്ലുവിളിച്ചത് ഇപ്രകാരമാണ്: "നിങ്ങൾ ദാനം ചെയ്യുമ്പോൾ അവരുടെ കൈകളിൽ സ്പർശിക്കാറുണ്ടോ അതോ നാണയം ഇട്ടുകൊടുക്കുകയാണോ ചെയ്യാറുള്ളത്?" ദരിദ്രരോടു പക്ഷം ചേരുക എന്നത് പണവും ഭക്ഷണവും വിതരണം ചെയ്യുന്നത് മാത്രമല്ല. നമ്മുടെ സഹോദരങ്ങളുടെ ഞെരുക്കങ്ങളിൽ അവരുടെ സമീപത്തെത്താനും അവരെ സ്നേഹിക്കാനും ആ സ്നേഹത്തിലൂടെ അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനുമാണ് ക്രിസ്തുവിന്റെ സ്നേഹം നമ്മെ പ്രചോദിപ്പിക്കേണ്ടത്.

ക്രിസ്തുവിന്റെ സ്നേഹം നമുക്ക് മാതൃകയായി മുറുകെ പിടിക്കാം. പാപമെന്ന ദുരവസ്ഥയിൽ നാം നരകിച്ചപ്പോൾ അവിടന്ന് സ്വർഗ്ഗത്തിൽ നിന്ന് നമുക്ക് ഒരു നാണയം എറിഞ്ഞുതരികയല്ല ചെയ്തത്. നമ്മുടെ 'ഞെരുക്ക'ത്തിൽ അവിടന്ന് നമ്മെ സന്ദർശിച്ചു. തന്റെ ഉന്നതമായ മഹിമയുടെ അവസ്ഥയിൽ നിന്ന് താഴെയിറങ്ങി നമ്മിലൊരാളായി. നമ്മുക്കു അവിടത്തെ കൃപയിലാശ്രയിച്ചുകൊണ്ട്, ദരിദ്രരോട്, സാമീപ്യംകൊണ്ടുപോലും അടുത്തായിരിക്കാൻ പരിശ്രമിക്കാം. ക്രിസ്തുവിന്റെ സ്നേഹം നമ്മെ അതിനു പ്രാപ്തരാക്കട്ടെ! നമ്മുടെ വിശ്വാസം ആധികാരികമായി ജീവിക്കാൻ ഇത് നമ്മെ സഹായിക്കുന്നതാണ്. "പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്ക്കളങ്കവുമായ ഭക്തി പ്രകടിപ്പിക്കാൻ ഇതിലൂടെ നമുക്ക് സാധിക്കട്ടെ!"

### വിശുദ്ധന്റെ മൊഴി

മുൻപ് ഫ്രാൻസിസിന് കുഷ്ഠരോഗികളെ ദൂരെക്കാണുന്നതുപോലും കടുത്ത വെറുപ്പുളവാക്കിയിരുന്നുവെങ്കിൽ, ഇന്ന്, ക്രൂശിതനായ ക്രിസ്തുവിനെ പ്രതി അവരുടെ വാസസ്ഥലങ്ങളിൽ ചെല്ലുകയും ദാനധർമ്മങ്ങൾ നല്കുകയും ശക്തമായ ഉൾപ്രേരണയാൽ അവരുടെ കൈകളും മുഖവും ചുംബിക്കുകയും ചെയ്യുന്നു. വി.ബൊണവെഞ്ചർ (St Bonaventure)

### സത്ക്രിയ

ക്രൂശിതനായ ക്രിസ്തുവിനെ പ്രതി നിങ്ങളുടെ കൂട്ടായ്മയിൽ മുൻകൈ എടുത്ത് ഈ വിചിന്തനത്തിന് പ്രായോഗികമായ പ്രത്യുത്തരം നല്കുക.

*Prepared by Jesus Youth International Formation Team. Email: formation@jesusyouth.org*